## കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സരക്ഷണയജ്ഞം - ഹൈടെക് സ്കൂൾ പദ്ധതി - 'സമഗ്ര' വിഭവ പോർട്ടൽ വിന്യസിക്കുന്നതിനുള്ള സമീപനരേഖ അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1968/2018/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 28.05.18

---

പരാമർശം:- 1. 30.05.2017-ലെ സ.ഉ(സാധാ) നം. 1630/2017/പൊ.വി.വ

2. 06.01.2018-ലെ സ.ഉ(സാധാ) നം. 97/2018/പൊ.വി.വ

3. 49-ാമത് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ 20.02.2018-ന് നടന്ന യോഗതീരുമാനം.

4. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.05.2018-ലെ കൈറ്റ്/2018/1527 (40) നമ്പർ കത്ത്.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മാർഗരേഖ അംഗീകരിച്ചുകൊണ്ടുള്ള പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ക്ലാസ്റൂമിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു ഡിജിറ്റൽ റിസോഴ്സ് പോർട്ടൽ ഐടി@സ്കൂൾ പ്രോജക്ട് (ഇപ്പോഴത്തെ കൈറ്റ്) തയ്യാറാക്കണം എന്ന് നിബന്ധനപ്പെടുത്തിയിരുന്നു. അതോടൊപ്പം പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സ്കൂളുകളിലേക്ക് ഡിജിറ്റൽ ഉള്ളടക്കം, ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങിയ അക്കാദമിക് കണ്ടന്റുകൾ വിന്യസിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്ത് ഹൈടെക് ക്ലാസ്മുറികൾ രൂപീകൃതമാകുന്ന പശ്ചാത്തലത്തിൽ കൈറ്റിന്റേയും എസ്.സി.ഇ.ആർ.ടിയുടേയും പിന്തുണയോടെ തയ്യാറാക്കുന്ന 'സമഗ്ര' റിസോഴ്സ് പോർട്ടലിനുള്ള സമീപനരേഖ പരാമർശം (3) ലെ സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ചിരുന്നു. 'സമഗ്ര' പോർട്ടലുമായി ബന്ധപ്പെട്ട് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച സമീപനരേഖയ്ക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'സമഗ്ര' യുമായി ബന്ധപ്പെട്ട് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച സമീപനരേഖ അംഗീകരിച്ചും ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

1. സമഗ്ര പോർട്ടലിന് സാങ്കേതിക പിന്തുണ നൽകലും പരിപാലന ചുമതലയും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷനും (കൈറ്റ്) അക്കാദമിക ചുമതല എസ്.സി.ഇ.ആർ.ടി. യ്ക്കും ആയിരിക്കും. ക്ലാസറൂം നടത്തിപ്പ് മേൽനോട്ടം ബന്ധപ്പെട്ട വകുപ്പ് ഡയറക്ടർമാർക്കായിരിക്കും. സമീപന രേഖയ്ക്കനുസൃതമായുള്ള തുടർപ്രവർത്തനങ്ങൾ കൈറ്റും എസ്.സി.ഇ.ആർ.ടി. യും, ബന്ധപ്പെട്ട വകുപ്പുകളും സംയുക്തമായി നടത്തേണ്ടതാണ്.

2. 2018-19 അക്കാദമിക് വർഷാരംഭം മുതൽ ഹൈടെക് ക്ലാസ്മുറികളിൽ 'സമഗ്ര' ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ബന്ധപ്പെട്ട ഡയറക്ടർമാർ (പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി

ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ) ഉറപ്പുവരുത്തേണ്ടതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റേയും വിവിധ ഡയറക്ടറേറ്റുകളുടേയും യോഗങ്ങളിൽ ഇക്കാര്യം സ്ഥിരമായി അവലോകനം ചെയ്യേണ്ടതാണ്. 'സമഗ്ര'യുടെ നിർവഹണത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാനുള്ള സ്ഥിരം സംവിധാനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്തലം വരെ ഉണ്ടായിരിക്കേണ്ടതാണ്.

3. ആദ്യഘട്ടത്തിൽ 8 മുതൽ 12 വരെയും, തുടർന്ന് 1 മുതൽ 7 വരെ ക്ലാസുകളിലേക്കും ആവശ്യമായ വിഭവങ്ങൾ 'സമഗ്ര' യിൽ ഉൾപ്പെടുത്തേണ്ടതാണ്. 'സമഗ്ര' ഉപയോഗിക്കാനുള്ള പരിശീലനം എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കണം. ക്ലാസ്റൂമുകളിൽ വിനിമയത്തിന് 'സമഗ്ര' പ്രയോജനപ്പെടുത്തുന്നുവെന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പാക്കണം. ഇക്കാര്യം സ്ഥിരമായി വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്റർ ചെയ്യേണ്ടതാണ്.

4. സമീപനരേഖയ്ക്കനുസൃതമായി ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കി 'സമഗ്ര' യെ സമ്പുഷ്ടമാക്കുന്നതിന് എസ്.ഐ.ഇ.ടി, സമഗ്ര ശിക്ഷാ അഭിയാൻ തുടങ്ങിയ ഏജൻസികൾ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. തയ്യാറാക്കപ്പെടുന്ന വിഭവങ്ങളുടെ ആധികാരികതയും ഗുണനിലവാരവും വിലയിരുത്തി സമഗ്രയിൽ അപ് ലോഡ് ചെയ്യുന്നതിന് നിർദ്ദേശം നല്കുന്നതിനുള്ള ചുമതല എസ്.സി.ഇ.ആർ.ടി യ്ക്കായിരിക്കും. സ്കൂളുകളിൽ ഡിജിറ്റൽ ഉള്ളടക്കം വിന്യസിക്കുന്നത് 06.01.2018-ലെ സ.ഉ(സാധാ)നം.97/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന രൂപത്തിൽ ആയിരിക്കും. ഇക്കാര്യവും ബന്ധപ്പെട്ട ഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

5. 'സമഗ്ര' പോർട്ടലുമായി ബന്ധപ്പെട്ട ചെലവുകൾ അതത് ഏജൻസികൾ ഐ.സി.ടി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സംസ്ഥാന പദ്ധതി വിഹിതമായി നിലവിൽ ഫണ്ട് ലഭ്യമായിട്ടുള്ള ശീർഷകങ്ങളിൽ നിന്നോ, ഇതേ ആവശ്യത്തിന് ലഭ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ., തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ., തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.റ്റി., തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ